# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4155 16/03/2017 -ലെ മറുപടി

## മാലിപ്പുറം ടാങ്കിന്റെ കമ്മീഷനിങ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്.ശർമ്മ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിവരുന്ന മാലിപ്പുറം ടാങ്കിന്റെ കമ്മീഷനിങ് വൈകുന്നത് ഇതിനോടനുബന്ധിച്ച പൈപ്പ് ലൈനുകളുടെ പണി തീരാത്തതു മൂലമാണോയെന്ന് വ്യക്തമാക്കാമോ; | (എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ റെയിൽവേ ക്രോസിംഗ് പ്രവൃത്തികളോടനുബന്ധിച്ച് 800 മി.മീ പ്രധാന ജലവിതരണ കുഴലിലുണ്ടായ കേടുപാടുകൾ നിമിത്തം വ്യാസം കുറഞ്ഞ 400 മി.മീ. ജലവിതരണ കുഴലുകൾ സ്ഥാപിച്ച് ശുദ്ധജലവിതരണം പുനഃസ്ഥാപിക്കേണ്ടിവന്നതും മുരിക്കുംപാടം ഞാറയ്ക്കൽ ടാങ്കുകളുടെ പണി പൂർത്തിയാവാത്തതുമാണ് മാലിപ്പുറം ടാങ്കിന്റെ കമ്മീഷനിംഗ് വൈകുവാനുള്ള കാരണം. |
| (ബി) എങ്കിൽ ഏതെല്ലാം ഭാഗങ്ങളിലെ പൈപ്പ് ലൈനുകളുടെ പണികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ; | (ബി) എളംകുന്നപ്പുഴ നട ജംഗ്ഷൻ മുതൽ ഞാറയ്ക്കൽ ആശുപത്രി വരെ പടിഞ്ഞാറെ സൈഡിലൂടെയുള്ള വിതരണശൃംഖലയിൽ മാലിപ്പുറം തോട് ക്രോസിംഗ് ഭാഗത്ത്, 400 mm HDPE പൈപ്പ് - 100 മീറ്റർ, 110 mm PVC പൈപ്പ് - 100 മീറ്റർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കാനുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് പ്രോജക്ടിൽ നിർദ്ദേശമുണ്ടായിരുന്നോ; വിശദമാക്കാമോ; | (സി) പ്രോജക്ടിൽ ഈ പ്രവർത്തികൾ വിതരണ ശൃംഖലയുടെ പാക്കേജിൽ ഉൾപ്പെടുത്തിയിരുന്നു. |
| (ഡി) പ്രസ്തുത പ്രവൃത്തികൾക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) വകയിരുത്തിയിട്ടുണ്ട്. 56.85 കോടി രൂപയുടെ (ജിഡ ധനസഹായത്തോടെ) പുതുക്കിയ ഭരണാനുമതി നൽകിയവയിൽ പ്രസ്തുത പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. |

JSK/

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) & (എഫ്) | ഞാറയ്ക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിൽ സ്ഥാപിച്ചുവരുന്ന ഉന്നതതല ജലസംഭരണികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കരാറുകാരന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടായി. പ്രവൃത്തി പുനഃക്രമീകരിച്ചതിലുണ്ടായ സമയനഷ്ടം കണക്കിലെടുത്ത് നിലവിലെ കരാറുകാരനെ കൊണ്ടുതന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വിതരണശൃംഖലയിലുള്ള ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. 2017 ജൂൺ മാസത്തോടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (എഫ്) | 2012 ൽ പൂർത്തിയായ ടാങ്ക് നിർമ്മാണം കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രസ്തുത തടസ്സം പരിഹരിക്കുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

JSK/